"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസം - കോഴിക്കോട് പേരാമ്പ്ര ഉപജില്ലയിലെ തിരുവോട് എ.എൽ.പി സ്കൂളിലെ എൽ.പി.എസ്.ടി ശ്രീമതി. റജീന സി.പി. ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്ത 1246/2025 നമ്പർ റിട്ട് ഹർജിയിന്മേലുള്ള വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എൽ) വകുപ്പ്**

സ.ഉ.(സാധാ) നം.5859/2025/GEDN തീയതി,തിരുവനന്തപുരം, 27-08-2025

---

പരാമർശം:-
1. ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്ത 1246/2025 നമ്പർ റിട്ട് ഹർജിയിന്മേലുള്ള 17/01/2025 തീയതിയിലെ വിധിന്യായം
2. ശ്രീമതി. റജീന സി.പി സമർപ്പിച്ച Ext. P10 റിവിഷൻ ഹർജി
3. പേരാമ്പ്ര ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 17/02/2025 തീയതിയിലെ AEOPRB/117/2025-D നമ്പർ കത്ത്
4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 21/02/2025 തീയതിയിലെ ഡി.ജി.ഇ/2985/2025-ജി3 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര ഉപജില്ലയിൽപ്പെട്ട തിരുവോട് എ.എൽ.പി സ്കൂളിലെ എൽ.പി.എസ്.ടി ശ്രീമതി. റജീന സി.പി. ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്ത 1246/2025 ന്മേലുള്ള പരാമർശം 1 വിധിന്യായത്തിൽ സർക്കാർ മുമ്പാകെ സമർപ്പിച്ചിരിക്കുന്ന Expt 10, Expt P5 മുതൽ P9 വരെയുള്ള ഉത്തരവുകൾ കൂടി പരിഗണിച്ച് പെറ്റീഷണറേയും ബന്ധപ്പെട്ട മറ്റു കക്ഷികളേയും നേരിൽ കേട്ട് ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് ഒന്നാം എതിർകക്ഷിയായ സർക്കാരിന് ബഹു.കോടതി നിർദ്ദേശം നൽകുകയുണ്ടായി. ചുമതലപ്പെടുത്തിയപ്രകാരം ഹർജിക്കാരിയുടെ പ്രതിനിധിയേയും ബന്ധപ്പെട്ട മറ്റു കക്ഷികളേയും 21/2/2025 ന് ഗൂഗിൾ മീറ്റ്

മുഖേന കേൾക്കുകയുണ്ടായി.

**2) പെറ്റീഷണർ സമർപ്പിച്ച Expt P10 റിവിഷൻ ഹർജിയിലെ സംഗ്രഹവും ഹിയറിംഗ് വേളയിൽ പെറ്റീഷണറുടെ പ്രതിനിധി ഉന്നയിച്ച വാദങ്ങളും ചുവടെ ചേർക്കുന്നു.**

തിരുവോട് എ.എൽ.പി. സ്കൂളിലെ എൽ.പി.എസ്ടി ആയ ശ്രീമതി.ഗൗരി.ടി.പി 31-05-2015 ന് സർവീസിൽ നിന്ന് വിരമിച്ച ഒഴിവിൽ ശ്രീമതി.ജോസ്നയെ 01-06-2015 മുതൽ എൽ.പി.എസ്.ടിയായി ദിവസ വേതനാടിസ്ഥാനത്തിൽ നിയമിച്ചിരുന്നു. ശ്രീമതി.ജോസ്ന 31-03-2019ൽ സർവീസിൽനിന്നും രാജിവെച്ച ഒഴിവിൽ 01-12-2021 മുതൽ മാനേജർ തന്നെ നിയമിക്കുകയും നിയമനാംഗീകാര അപേക്ഷയും അനുബന്ധ രേഖകളും യഥാസമയം പേരാമ്പ്ര ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ മുമ്പാകെ സമർപ്പിക്കുകയും ചെയ്തു. താൻ നിയമിതയായ 01.12.2021 കാലയളവിൽ സ്കൂൾ മതിയായ എണ്ണം കുട്ടികളില്ലാത്ത വിദ്യാലയം ആയതിനാൽ 29.07.2024 ലെ ഡി/23110/2021 ഉത്തരവ് പ്രകാരം തന്റെ നിയമനം 01-12-2021 മുതൽ ദിവസവേതനാടിസ്ഥാനത്തിൽ തുടർച്ചയായി പേരാമ്പ്ര ഉപജില്ല വിദ്യാഭ്യാസ ഓഫീസർ അംഗീകരിക്കുകയുമുണ്ടായി.

2024-25 അധ്യയന വർഷത്തെ പേരാമ്പ്ര ഉപജില്ല വിദ്യാഭ്യാസ ഓഫീസറുടെ 11/7/2024 ലെ നം.ദീ.തി.ഡി/747891/2024 പ്രകാരമുള്ള (Exhibit P5) സ്റ്റാഫ് ഫിക്സേഷൻ ഉത്തരവ് പ്രകാരം തിരുവോട് എ.എൽ.പി. സ്കൂൾ മതിയായ എണ്ണം കുട്ടികളുള്ള വിദ്യാലയമായി മാറിയിട്ടുണ്ട്. മേൽ വിദ്യാലയം 2024-25 അധ്യയന വർഷം മതിയായ എണ്ണം കുട്ടികളുള്ള വിദ്യാലയമായതോടു കൂടി 03-06-2024 മുതൽ തനിക്ക് ശമ്പള സ്കെയിലിൽ നിയമനാംഗീകാരം ലഭിക്കാൻ അർഹതയുണ്ട്. എന്നാൽ മാനേജർ നാളിതുവരെ തന്നെ ശമ്പള സ്കെയിലിൽ നിയമിച്ചുകൊണ്ടുള്ള നിയമനാംഗീകാര പ്രൊപ്പോസൽ പേരാമ്പ്ര ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ മുമ്പാകെ പുതുക്കി സമർപ്പിച്ചില്ല. മാനേജർ ശമ്പള സ്കെയിലിൽ പുതുക്കിയ നിയമന പ്രപ്പോസൽ സമർപ്പിക്കാത്തതിനാൽ തന്റെ നിയമനം ശമ്പള സ്കെയിലിൽ അംഗീകരിച്ചു കിട്ടുന്നതിന് അങ്ങയുടെ മുമ്പാകെ KER അധ്യായം XIV A ചട്ടം 92 റിവിഷൻ അപ്പീൽ സമർപ്പിക്കുകയുണ്ടായി.

തന്റെ നിയമനം അംഗീകരിച്ചു കിട്ടുന്നതിനുവേണ്ടി താൻ ബഹു:കേരള ഹൈക്കോടതിയെ സമീപിക്കുകയും കോടതി വിധി പുറപ്പെടുവിക്കുകയുമുണ്ടായി.കോടതി വിധി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന വസ്തുതകൾ അങ്ങയുടെ സത്വര ശ്രദ്ധയ്ക്കും അനുകൂല ഉത്തരവിനായും സമർപ്പിക്കുന്നു.

മേൽ വിദ്യാലയത്തിലെ എൽ.പി.എസ്.ടിയായ ശ്രീമതി. ജോസ്ന **31-03-2019** ന് സർവീസിൽ നിന്നും രാജിവെച്ച ഒരു അംഗീകൃത ഒഴിവിലാണ് മാനേജർ തന്നെ **01-12-2021** മുതൽ നിയമിച്ചത്. പ്രസ്തുത കാലയളവിൽ ടി വിദ്യാലയം മതിയായ എണ്ണം കുട്ടികളില്ലാത്ത വിദ്യാലയം ആയിരുന്നു. ആയതിനാൽ **01.12-2021** മുതലുള്ള തന്റെ നിയമനം പേരാമ്പ്ര ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ദിവസവേതനാടിസ്ഥാനത്തിൽ അംഗീകരിച്ച് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്.

**2) 01.12.21** ൽ താൻ നിയമിതയാവുമ്പോൾ മേൽവിദ്യാലയം മതിയായ എണ്ണം കുട്ടികളില്ലാത്ത സ്കൂളുകളുടെ ഗണത്തിലായിരുന്നു ഉൾപ്പെട്ടിരുന്നത്. അതുകൊണ്ടുപേരാമ്പ്ര ഉപജില്ല വിദ്യാഭ്യാസ ഓഫീസർ **01-12-2021** മുതലുള്ള തന്റെ നിയമനം ദിവസവേതനാടിസ്ഥാനത്തിൽ തുടർച്ചയായി അംഗീകരിക്കുകയും താൻ ഇപ്പോഴും സർവീസിൽ തുടർന്നു വരികയും ചെയ്യുന്നുണ്ട്. എന്നാൽ **2024-25** അധ്യയന വർഷം ടി വിദ്യാലയം മതിയായ എണ്ണം കുട്ടികളുള്ള സ്കൂളുകളുടെ ഗണത്തിൽ ഉൾപ്പെടിട്ടുണ്ട്. മതിയായ എണ്ണം കുട്ടികളില്ലാത്ത സ്കൂളുകൾ പിന്നീട് മതിയായ എണ്ണം കുട്ടികളുള്ള സ്കൂളായി മാറുമ്പോൾ ആ വിദ്യാലയങ്ങളിലെ നിയമനം ശമ്പള സ്കെയിൽ അംഗീകരിച്ചു നൽകാവുന്നതാണ്.

**3)** മതിയായ എണ്ണം കുട്ടികളില്ലാത്ത സ്കൂളുകളിലെ ഒഴിവുകൾ ദിവസവേതനാടിസ്ഥാനത്തിലാണ് നികത്തുന്നെതങ്കിലും ആ തസ്തികകൾ നേരത്തെ തന്നെ അനുവദിക്കപ്പെട്ടതാകയാൽ മതിയായ എണ്ണം കുട്ടികൾ ഉണ്ടാകുമ്പോൾ അവിടെ സ്റ്റാഫ് ഫിക്സേഷനിൽ ഒരു പുതിയ തസ്തിക അനുവദിക്കേണ്ട പ്രശ്നം ഉൽഭവിക്കുന്നില്ല.

**4)** ആറാം പ്രവൃത്തി ദിവസത്തെ കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ

ഒരു സ്കൂളിൽ ഒരു ക്ലാസിൽ ശരാശരി 15 കുട്ടികൾ ഉണ്ടെന്ന് ഉപ്പു വരുത്തിയാൽ അതായത് സ്റ്റാഫ് ഫിക്സേഷൻ ഉത്തരവിലൂടെ അത് രേഖാമൂലം സ്ഥാപിക്കപ്പെട്ടാൽ അധ്യയനവർഷം ആരംഭം മുതൽക്കുതന്നെ ദിവസവേതനത്തിൽ ജോലി ചെയ്യുന്ന അധ്യാപകർക്കും ശമ്പള സ്കെയിലിന് അർഹത ഉണ്ടാകുന്നതാണ്.

ആയതിനാൽ ഇത്തരം സ്കൂളുകളിൽ ഏതെങ്കിലും വർഷത്തിൽ ഒരു ക്ലാസിൽ ശരാശരി 15 കുട്ടികൾ ഉണ്ടെന്നു കണ്ടാൽ സ.ഉ (എം.എസ്) നമ്പർ. 83/2018 തീയതി 12-06-2018 എന്ന സർക്കാർ ഉത്തരവിന്റെ (Expt P6) ഒന്നാം ഖണ്ഡികയിൽ വ്യവസ്ഥ ചെയ്തതു പോലെ മാനേജർക്ക് ആ വർഷാരഭം മുതൽക്ക് തന്നെ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരെ ശമ്പള സ്കെയിലിൽ നിയമിച്ച് കൊണ്ട്, സ്കൂൾ തുറന്ന് 15 ദിവസത്തിനകം ഫോറം 27 ലുള്ള നിയമന ഉത്തരവ് സമമ്പയ വഴി വിദ്യാഭ്യാസ ഓഫീസർക്ക് സമർപ്പിക്കാവുന്നതാണ്. സ്റ്റാഫ് ഫിക്സേഷൻ ഉത്തരവിലൂടെ ശരാശരി 15 കുട്ടികളുണ്ടെന്ന് സ്ഥാപിക്കപ്പെട്ടാൽ സ്കൂൾ തുറന്ന തീയതി മുതൽ അധ്യാപകൻ ജോലി ചെയ്തു വരുന്നുണ്ടെങ്കിൽ അന്നുമുതൽ തന്നെ ശമ്പള സ്കെയിലിൽ നിയമനാംഗീകാരം നൽകാവുന്നതുമാണ്.

5) മതിയായ എണ്ണം കുട്ടികളില്ലാത്ത സ്കൂളുകളിലെ അധ്യാപകർ ദിവസവേതനാടിസ്ഥാനത്തിൽ തുടരവെ, ക്ലാസ് ശരാശരി 15ൽ എത്തുന്ന സാഹചര്യത്തിൽ പ്രസ്തുത അധ്യയന വർഷം മുതൽ അതാത് വിദ്യാഭ്യാസഓഫീസർമാർ മറ്റുവിധത്തിൽ ക്രമപ്രകാരമെങ്കിൽ ശമ്പള സ്കെയിലിൽ അംഗീകരിച്ചു നൽകേണ്ടതാണെന്ന് പൊതു വിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറി പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക്, അയച്ച നമ്പർ എൽ2/203/2019 പൊ.വി.വ തിയ്യതി 11-08-2021 പ്രകാരമുള്ള കത്തിലും വ്യക്തമാക്കിയിട്ടുണ്ട്. അധ്യയനവർഷാരംഭം 01-08-2021 പ്രകാരമുള്ള കത്തിലും വ്യക്തമാക്കിയിട്ടുണ്ട്. അധ്യയനവർഷാരംഭം മുതൽ ശമ്പള സ്കെയിലിൽ അംഗീകരിച്ചു നൽകേണ്ടതാണെന്ന് കത്തിൽ പ്രത്യേകം എടുത്തു പറയുന്നുണ്ട്.

ഒരു അധ്യയനവർഷം എന്നുമുതൽ ആരംഭിക്കുന്നു എന്ന് കെ.ഇ.ആർ അധ്യായം

VII ചട്ടം 2 A യിൽ നിർവചിച്ചിട്ടുണ്ട്. ആയത് ചുവടെ കൊടുക്കുന്നു.

**"Academic year shall be deemed to comments on the re-opening day and terminate on the last day before summer vacation".**

അധ്യയനവർഷം ആരംഭിക്കുന്നത് അതാത് വർഷം സ്കൂൾ തുറക്കുന്ന ദിവസം മുതൽക്കാണ്. മറിച്ച് ആറാം സാധ്യായ ദിവസമോ സ്റ്റാഫ് ഫിക്സേഷന്റെ പ്രാബല്യ തീയതിയായ ജൂലായ് 15നോ അല്ല. മതിയായ എണ്ണം കുട്ടികളില്ലാത്ത സ്കൂളിൽ നിലവിലെ തസ്തികയിൽ ജോലി ചെയ്യുന്നവരെയാണ് ആ വർഷത്തിൽ മതിയായ എണ്ണം കുട്ടികളുണ്ടെന്നതിന്റെ അടിസ്ഥാനത്തിൽ ശമ്പള സ്കെയിലിലേക്ക് മാറ്റി നിയമിക്കുന്നത്. അത് അധ്യയന വർഷാരംഭം മുതൽക്കുതന്നെയാവണമെന്നാണ് മേൽ പരാമർശിച്ച **11-08-2021** സർക്കാർ കത്തിൽ വ്യക്തമാക്കിയിട്ടുള്ളത്.

6) സ.ഉ(എം.എസ്) **83/2018** പൊ.വി.വ തീയതി **12-06-2018** എന്ന സർക്കാർ. ഉത്തരവിന്റെ ഒന്നാം ഖണ്ഡികയിൽ വ്യവസ്ഥ ചെയ്തതുപോലെ മാനേജർക്ക് ആ വർഷാരംഭം മുതൽക്ക് തന്നെ ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്തു വരുന്ന തന്നെ സ്കൂൾ തുറന്ന് **15** ദിവസത്തിനകം ശമ്പള സ്കെയിൽ നിയമിച്ചു കൊണ്ട് ഫോറം നമ്പർ **27**ലുള്ള നിയമന ഉത്തരവ് സമന്വയ വഴി പേരാമ്പ്ര ഉപജില്ലാ / വിദ്യാഭ്യാസ ഓഫീസർക്ക് സമർപ്പിക്കാവുന്നതായിരുന്നു. എന്നാൽ നാളിതുവരെ, തന്റെ നിയമനം ശമ്പള സ്കെയിലിൽ അംഗീകരിച്ചു കിട്ടുന്നതിനാവശ്യമായ അപേക്ഷ ഫോറമോ അനുബന്ധ രേഖകളോ പേരാമ്പ്ര ഉപജില്ലാവിദ്യാഭ്യാസ ഓഫീസർ മുമ്പാകെ സമർപ്പിക്കപ്പെട്ടിട്ടില്ല. ഇത് മാനേജരുടെ ഭാഗത്തുനിന്നുള്ള അറിവില്ലായ്മയാണെന്ന് ഞാൻ മനസ്സിലാക്കുന്നു.

ആയതിനാൽ **03.06.2024** മുതലുള്ള തന്റെ നിയമനം ശമ്പള സ്കെയിലിൽ അനുവദിച്ചു കിട്ടുന്നതിനാവശ്യമായ അപേക്ഷയും അനുബന്ധ രേഖകളും സമന്വയ വഴി അപ് ലോഡ് ചെയ്യുന്നതിന് മാനേജർക്ക് നിർദ്ദേശം നൽകണമെന്നും പ്രസ്തുത നിയമന അപേക്ഷയും അനുബന്ധ രേഖകളും സമന്വയ വഴി അപ്ലോഡ് ചെയ്യുന്ന് മുറക്ക് **03-06-2024** മുതലുള്ള തന്റെ

നിയമനം ശമ്പള സ്കെയിലിൽ അംഗീകരിച്ചു തരുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ പേരാമ്പ്ര ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നൽകണമെന്നും അപേക്ഷിക്കുന്നു.

7) സമാന കേസിൽ **Expt P8** പ്രകാരം പൊതുവിദ്യാഭ്യാസ സെക്രട്ടറി പുറപ്പെടുവിച്ച ഉത്തരവിന്റെ പ്രസക്ത ഭാഗം ചുവടെ കൊടുക്കുന്നു.

**2019-2020** അധ്യയന വർഷം ടി സ്കൂളിൽ **80** കുട്ടികൾ ഉണ്ട് എന്ന് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ റിപ്പോർട്ട് ചെയ്യുന്നു. തുടർന്നുള്ള വർഷങ്ങളിലും സ്കൂൾ എക്കണോമിക് ആണെന്ന് കാണുന്നു. ആയതിനാൽ സ്കൂൾ മതിയായ എണ്ണം കുട്ടികൾ ഉള്ള സ്കൂളാണ്. മതിയായ എണ്ണം കുട്ടികളില്ലാത്ത എയ്ഡഡ് സ്കൂൾ പിന്നീട് മതിയായ എണ്ണം കുട്ടികളുള്ള സ്കൂളായി മാറുമ്പോൾ **18-11-2018** ന് മുമ്പുള്ള റഗുലർ ഒഴിവുകളിൽ നിയമിക്കപ്പെടുകയും ദിവസവേതനാടിസ്ഥാനത്തിൽ തുടരുകയും ചെയ്യുന്നവരുടെ നിയമനാംഗീകാരം ശമ്പള സ്കെയിലിലേക്ക് മാറ്റി ക്രമീകരിക്കുമ്പോൾ അതൊരു പുതിയ നിയമനമായി പരിഗണിക്കേണ്ടതില്ലാത്തതിനാൽ അവരുടെ അത്തരം ക്രമീകരണങ്ങൾക്ക് ഭിന്നശേഷി സംവരണ വ്യവസ്ഥകൾ ബാധമാകുന്നില്ല എന്ന് പരാമർശം **3** ഉത്തരവിൽ പരാമർശിച്ചിട്ടുണ്ട്. ശ്രീമതി. രഞ്ജിത.വി.കെ യുടെ നിയമനം **01.06.2017** മുതൽ റിട്ടയർമെന്റ് ഒഴിവിൽ ദിവസവേതനാടിസ്ഥാനത്തിലാണ് അംഗീകരിച്ചിട്ടുള്ളത്. **2019-20** അധ്യയന വർഷം കരുവഞ്ചേരി നോർത്ത് എൽ.പി.സ്കൂൾ മതിയായ എണ്ണം കുട്ടികൾ ഉള്ള സ്കൂൾ ആയി മാറിയിട്ടുണ്ട് **(80** കുട്ടികൾ) ആയതിനാൽ ശ്രീമതി.രഞ്ജിത.വി.കെ യുടെ **2019-20** അധ്യയനവർഷം മുതലുള്ള നിയമനം ശമ്പള സ്കെയിലിൽ അംഗീകരിക്കാവുന്നതാണെന്ന് കാണുന്നു.

മേൽ സാഹചര്യത്തിൽ, സർക്കാർ പരിപത്രം **631703/16**/പൊ.വി.വ. സ.ഉ (കൈ) **51/2023**/പൊ.വി.വ. തിയ്യതി **02-05-2023** എന്നീ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് ശ്രീമതി.രഞ്ജിത.വി.കെ യുടെ നിയമനം **2019** അധ്യയന വർഷം മുതൽ മറ്റു വിധത്തിൽ ക്രമപ്രകാരമെങ്കിൽ ശമ്പള സ്കെയിലിൽ അംഗീകരിച്ചു നൽകുന്നതിന് വടകര ഉപജില്ലാ വിദ്യാഭ്യാസ

ഓഫീസർക്ക് നിർദേശം നൽകി ശ്രീമതി. രഞ്ജിത.വി.കെ യും കരുവഞ്ചേരി നോർത്ത് എൽ.പി.സ്കൂൾ മാനേജരും സമർപ്പിച്ച റിവിഷൻ ഹർജികൾ തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

8) സമാന കേസിൽ **Expt P9** പ്രകാരം പൊതുവിദ്യാദ്യാസ സക്രട്ടറി പുറപ്പെടുവിച്ച ഉത്തരവിന്റെ പ്രസക്തഭാഗം ചുവടെ കൊടുക്കുന്നു. ഹിയറിംഗിൽ ഉന്നയിക്കപ്പെട്ട വാദങ്ങളുടേയും, വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടിന്റേയും, കെ.ഇ.ആർ ചട്ടങ്ങളുടേയും, നിലവിലെ സർക്കാർ ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. ഫർജിക്കാരിയുടെ നിയമനം **15.07.2018** തീയതിയിൽ ആയതിനാൽ ഭിന്നശേഷി സംവരണം ബാധകല്ലെന്ന് കാണുന്നു. സർക്കാർ പുറപ്പെടുവിച്ച ഉത്തരവ് സ.ഉ.(കൈ.)നം.**111/ 22** ലെ വ്യവസ്ഥ പ്രകാരം **18/11/2018** മുതൽ ഒഴിവു വന്ന തസ്തികകളിൽ മാത്രമാണ് ഭിന്നശേഷി സംവരണം പാലിച്ചുകൊണ്ട് നിയമനം നടത്തേണ്ടത്. ഹർജിക്കാരിയെ **12.06.2018** മുതൽ പാർട്ട്ടൈം അറബിക് ടീച്ചർ ആയി നിയമിച്ച തസ്തിക **12.06.2018** മുതൽ ഒഴിവ് വന്ന തസ്തികയാണ്. **18.11.2018** തീയതിയിലെ **G.O(P)No.18/2018/SJD** ഉത്തരവ് തിയ്യതിക്ക് ശേഷമുണ്ടായ ഒഴിവുകളാണ് ഭിന്നശേഷി സംവരണം പാലിക്കുന്നതിന് നീക്കിവയ്ക്കേണ്ടത്.

മേൽ വസ്തുതകൾ പരിഗണിച്ച് **12.06.2018** മുതൽ പാർട്ടൈം അറബിക് അധിക തസ്തികയിൽ നിയമിക്കപ്പെട്ട ഹർജിക്കാരിയുടെ നിയമനം, മറ്റ് എല്ലാ വിധത്തിലും ക്രമപ്രകാരമെങ്കിൽ, **15.07.2018** മുതൽ **05.02.2021** വരെ നോഷണലായും **06.02.2021** മുതൽ **31.05.2022** വരെ ദിവസവേതനാടിസ്ഥാനത്തിലും **01.06.2022** മുതൽ തുടർച്ചയായി ശമ്പള സ്കെയിലിലും, അപ്രകാരം പുതുക്കിയ നിയമന പ്രപ്പോസൽ മാനേജർ സമർപ്പിക്കുന്ന മുറയ്ക്ക് അംഗീകരിക്കുന്നതിന് വടകര ഉപജില്ലാവിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി ഉത്തരവാകുന്നു."

അടിവരയിട്ട ഭാഗം ശ്രദ്ധിച്ചാലും. **2022-23** അധ്യയനവർഷം ടി വിദ്യാലയം മതിയായ എണ്ണം കുട്ടികളുള്ള വിദ്യാലയമായി മാറിയതോടുകൂടി അധ്യയന

വർഷാരംഭം മുതൽക്കു തന്നെ അതായത് 01/6/2022 മുതൽ നിയമനാംഗീകാരം നൽകാനാണ് അങ്ങ് ഉത്തരവായിട്ടുള്ളത്. ആയത് തന്റെ നിയമനാംഗീകാരത്തിനും ബാധകമാക്കി തരണമെന്ന് വിനീതമായി അപേക്ഷിക്കുന്നു.

9) ബഹു:കേരള ഹൈക്കോടതി വിധിയുടെ പ്രസക്തഭാഗം ചുവടെകൊടുക്കുന്നു.

**“ The writ petition is disposed of directing the Ist respondent to consider Ext.10 Revision Petition and pass appropriate orders orders thereon within a period of four months, taking note of Exts.P5 to P9 orders and after granting an opportunity of hearing to the petitioner and other affected parties, if any.”**

താൻ അങ്ങയുടെ മുമ്പാകെ സമർപ്പിച്ച **Ext.10** പ്രകാരമുള്ള റിവിഷൻ പെറ്റീഷൻ ടി വിധിയുടെ **Exts.P5** മുതൽ **Exts.P9** വരെയുള്ള ഉത്തരവുകളിലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ടാണ് തീർപ്പാക്കാൻ ബഹു:കോടതി വിധി പുറപ്പെടുവിച്ചിട്ടുള്ളത്. **Exts.P5** മുതൽ **Exts.P9** വരെയുള്ള ഉത്തരവുകൾ ചുവടെ കൊടുക്കുന്നു.

**Exhibit P-5 Staff Fixation Order for the Academic Year 2024-25 Vide No. D.Dis.D/747891/2024 dated 11.07.2024 issued by the AEO Perambra.**

**Exhibit P-6 G.0 (MS) No.83/2018/G.Edn dated 12-06-2018.**

**Exhibit P-7 Letter No.L-2/203/2019/G.Edn.dated 11-08-2021 of the Principal Secretary Addressing The Director Dated 11-08.2021**

**Exhibit P-8 G.O(RT) No.5034/2023/G.Edn dated 12-09-2023.**

**Exhibit P-9 G.0 (Rt) No.1813/2024/G.Edn Dated 02-03-2024**

**Exts.P5** മുതൽ **Exts.P9** വരെയുള്ള ഉത്തരവുകൾ പരിഗണിച്ചുകൊണ്ട് എന്റെ റിവിഷൻ അപ്പീൽ തീർപ്പാക്കണമെന്ന് വിനീതമായി അപേക്ഷിക്കുന്നു.

മേൽ വസ്തുതകൾ പരിഗണിച്ച് **03-06-2024** മുതലുള്ള തന്റെ നിയമനം ശമ്പള സ്കെയിലിൽ അംഗീകരിക്കുന്നതിനുള്ള നിർദ്ദേശം പേരാമ്പ്ര ഉപജില്ലാവിദ്യാഭ്യാസ ഓഫീസർക്ക് നൽകികൊണ്ട് ഉത്തരവ് പുറപ്പെടുവിക്കണമെന്ന് വിനീതമായി അപേക്ഷിക്കുന്നു.

**3) വിദ്യാഭ്യാസ അധികൃതരുടെ റിപ്പോർട്ട് ചുവടെ ചേർക്കുന്നു :-**

തിരുവോട് എ.എൽ.പി സ്കൂളിലെ എൽ.പി.എസ്.ടി ആയ ശ്രീമതി. ഗൗരി ടി.പി **31.01.2015** ൽ സർവ്വീസിൽ നിന്ന് വിരമിച്ച ഒഴിവിൽ ശ്രീമതി.ജ്യോസ്ന യെ **01.06.2015** മുതൽ എൽ.പിഎസ്.ടി ആയി ദിവസ വേതന അടിസ്ഥാനത്തിൽ നിയമിച്ചിരുന്നു. **31.3.2019** ന് ശ്രീമതി.ജ്യോസ്ന രാജി വെച്ചു. ഈ ഒഴിവിലേക്കാണ് **01.12.2021** ന് മാനേജർ ശ്രീമതി. റജീന സി.പി യെ നിയമിക്കുന്നത്. ഈ സമയത്ത് സ്കൂളിൽ മതിയായ എണ്ണം കുട്ടികൾ ഇല്ലാത്തതിനാൽ **29/7/24** ലെ ഡി/**23110/2021** നമ്പർ ഉത്തരവ് പ്രകാരം ദിവസവേതനാനാടിസ്ഥാനത്തിലാണ് ഉപജില്ല വിദ്യാഭ്യാസ ഓഫീസർ നിയമനം അംഗീകരിച്ചു നൽകിയത്. എന്നാൽ ടി ഓഫീസിലെ **11/7/2024** ലെ ദീ.തി.ഡി/**747891/2024** പ്രകാരം തിരുവോട് എ.എൽ.പി. സ്കൂൾ മതിയായ എണ്ണം കൂട്ടികളുള്ള വിദ്യാലയമായി മാറിയിട്ടുണ്ട്. ഇത് പ്രകാരം മാനേജർ പുതുക്കിയ നിയമന പ്രപ്പോസൽ സമർപ്പിക്കുന്ന പക്ഷം സമന്വയ ഫയൽ റീ ഓപ്പൺ ചെയ്ത്, ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട നിയമങ്ങൾക്ക് വിധേയമായി ശമ്പളസ്കെയിലിൽ നിയമനം അംഗീകരിച്ചു നൽകാവുന്നതാണ് എന്ന് അഭിപ്രായപ്പെടുന്നു.

**4) Exts. P10** റിവിഷൻ ഹർജി മേൽ റിപ്പോർട്ടുകളുടെയും ഹിയറിംഗിൽ ഉന്നയിച്ച വാദഗതികളുടെയും നിലവിലുള്ള ചട്ടങ്ങളുടെയും /ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ പരിശോധിച്ചു.

കോഴിക്കോട് പേരാമ്പ്ര ഉപജില്ലയിൽപ്പെട്ട തിരുവോട് എ.എൽ.പി സ്കൂൾ **2024-25** വർഷം മതിയായ എണ്ണം കുട്ടികൾ ഉള്ള സ്കൂൾ ആയി മാറുന്നതിനാൽ എൽപിഎസ്.ടി ആയി നിയമിതയായ ശ്രീമതി. റജീന സി.പി യുടെ **03/6/2024** മുതലുള്ള നിയമനം ശമ്പള സ്കെയിലിൽ അംഗീകരിക്കുന്നതിനുള്ള നിർദ്ദേശം

പേരാമ്പ്ര ഉപജില്ലാവിദ്യാഭ്യാസ ഓഫീസർക്ക് നൽകണമെന്നാവശ്യപ്പെട്ടാണ് സർക്കാരിൽ **Exts.P10** റിവിഷൻ ഹർജി സമർപ്പിച്ചിട്ടുള്ളതും ബഹു.കോടതിയിൽ റിട്ട് ഹർജി ഫയൽ ചെയ്ത് **Exts.P5** മുതൽ **Exts.P9** വരെയുള്ള ഉത്തരവുകൾ കൂടി പരിഗണിച്ച് **Exts.P10** റിവിഷൻ ഹർജി തീർപ്പാക്കിന്നതിന് ബഹു കോടതി വിധിയായിട്ടുള്ളതും .

തിരുവോട് എ.എൽ.പി സ്കൂൾ മതിയായ എണ്ണം കുട്ടികൾ ഇല്ലാത്ത സ്കൂൾ ആയിരുന്ന കാലത്ത് ടി വിദ്യാലയത്തിലെ എൽ.പി.എസ്.ടി ആയിരുന്ന ശ്രീമതി. ഗൗരി ടി പി **31/05/2015** ന് വിരമിച്ച ഒഴിവിൽ മാനേജർ ശ്രീമതി ജോസ്നയെ എൽ.പി.എസ്.ടി ആയി **01/06/2015**-മുതൽ ദിവസ വേതനത്തിൽ നിയമിച്ച് അംഗീകാരത്തോടെ തുടർന്ന് വരവേ **31/03/2019** ന് രാജിവച്ച ഒഴിവിൽ ശ്രീമതി. റജീന. സി. പി യെ മാനേജർ **01.12.21** മുതൽ ദിവസ വേതന നിരക്കിൽ നിയമിച്ചുകൊണ്ട് അംഗീകാരത്തിനായി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് അപേക്ഷ സമർപ്പിക്കുകയും ആയത് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ദിവസവേതന നിരക്കിൽ അംഗീകരിച്ചു നൽകുകയും ചെയ്തു.

നിയമിത സമർപ്പിച്ച അപേക്ഷ പരിശോധിച്ചതിൽ **2024 -2025** വർഷം ഈ സ്കൂൾ മതിയായ എണ്ണം കുട്ടികൾ ഉള്ള സ്കൂൾ ആയി മാറുന്നുണ്ട് എന്ന് ഉൾക്കൊള്ളിച്ചിട്ടുള്ള രേഖകളിൽ നിന്നും മനസിലാകുന്നു. മതിയായ എണ്ണം കുട്ടികൾ ഉള്ള സ്കൂൾ ആയി മാറുന്നതിനാൽ നിയമിതയെ ശമ്പള നിരക്കിൽ അംഗീകരിച്ചു നൽകണം എന്നതാണ് ആവശ്യം.

സ.ഉ.(കൈ) **51/2023**/പൊ.വി.വ തീയതി.**02/5/2023** സർക്കാർ ഉത്തരവിലെ ഖണ്ഡിക **(ii)** മാർഗനിർദേശം പ്രകാരം മതിയായ എണ്ണം കുട്ടികൾ ഇല്ലാത്ത എയ്ഡഡ് സ്കൂൾ പിന്നീട് മതിയായ എണ്ണം കുട്ടികളുള്ള സ്ക്കൂളായി മാറുമ്പോൾ അത്തരം വിദ്യാലയങ്ങളിലെ നിയമനങ്ങൾക്ക് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഭിന്നശേഷി സംവരണ വ്യവസ്ഥകൾ ബാധകമായിരിക്കും. എന്നാൽ ഇപ്രകാരം മതിയായ എണ്ണം കുട്ടികൾ ഉള്ളതായി മാറുന്ന വിദ്യാലയങ്ങളിൽ **18.11.2018** ന് മുമ്പുള്ള റഗുലർ ഒഴിവുകളിൽ നിയമിക്കപ്പെടുകയും ദിവസ വേതനാടിസ്ഥാനത്തിൽ അംഗീകാരത്തോടെ

തുടരുകയും ചെയ്യുന്നവരുടെ നിയമനാംഗീകാരം **58604/J2/G.EDN Dated, 06/11/2012** ലേയും അതുമായി ബന്ധപ്പെട്ട തുടർ ഉത്തരവുകളിലേയും വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ ശമ്പള സ്കെയിലിലേയ്ക്ക് മാറ്റി ക്രമീകരിക്കുമ്പോൾ അത് ഒരു പുതിയ നിയമനമായി പരിഗണിക്കേണ്ടില്ലാത്തതിനാൽ അവരുടെ നിയമനത്തിന് അത്തരം ഭിന്നശേഷി സംവരണ വ്യവസ്ഥകൾ ബാധകമാകുന്നതല്ല എന്ന് വ്യക്തമാക്കിയിരിക്കുന്നു. ഇവിടെ നിയമിതയെ നിയമിച്ച ഒഴിവ് ഉണ്ടാകുന്നത് **31/03/2019** നാണ്. കൂടാതെ നിയമിതയെ നിയമിച്ചിടുള്ളത് **01.12.2021** മുതലാണ്. ആയതിനാൽ തന്നെ സ.ഉ.(കൈ)**51/2023**/പൊ.വി.വ തീയതി.**02/5/2023** സർക്കാർ ഉത്തരവിലെ വ്യവസ്ഥ പ്രകാരം ഭിന്നശേഷി സംവരണ വ്യവസ്ഥകൾ പാലിക്കേണ്ടതുണ്ട്. മേൽ സാഹചര്യത്തിൽ നിയമിതയുടെ ആവശ്യം പരിഗണിക്കുവാൻ കഴിയില്ല.

മേൽ സാഹചര്യത്തിൽ തിരുവോട് എ.എൽ.പി സ്കൂൾ **2024-25** വർഷം മതിയായ എണ്ണം കുട്ടികൾ ഉള്ള സ്കൂൾ ആയി മാറുന്നതിനാൽ ശ്രീമതി. റജീന സി.പി യുടെ **03/6/2024** മുതലുള്ള നിയമനം (നിയമിതയെ നിയമിച്ച ഒഴിവ് ഉണ്ടാകുന്നത് **31/03/2019** നാണ്) സ.ഉ.(കൈ) നം. **51/2023**/പൊ.വി.വ ഉത്തരവിലെ **Clause (iii)** പ്രകാരം ഭിന്നശേഷി സംവരണം പാലിക്കുന്നതുവരെ പ്രൊവിഷണലായി ശമ്പള സ്കെയിലിൽ മറ്റ് വിധത്തിലും ക്രമപ്രകാരമെങ്കിൽ അംഗീകരിച്ച് നല്കുന്നതിന് പേരാമ്പ്ര ഉപജില്ലാ വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നല്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**5)** അപ്രകാരം ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്ത **1246/2025** ന്മേലുള്ള പരാമർശം **1** വിധിന്യായ ം നടപ്പിൽ വരുത്തുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റ്റി.മേയോ ഭാസ്ക്കർ
ഡെപ്യൂട്ടി സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, പേരാമ്പ്ര, കോഴിക്കോട്

മാനേജർ , തിരുവോട് എ.എൽ.പി സ്കൂൾ, തിരുവോട് പി.ഒ, നടുവണ്ണൂർ, കോഴിക്കോട് - **673614**

ശ്രീമതി. റജീന സി.പി, എൽ.പി.എസ്.ടി, തിരുവോട് എ.എൽ.പി സ്കൂൾ, തിരുവോട് പി.ഒ, നടുവണ്ണൂർ, കോഴിക്കോട് - **673614**

പ്രധാനാധ്യാപകൻ, തിരുവോട് എ.എൽ.പി സ്കൂൾ, തിരുവോട് പി.ഒ, നടുവണ്ണൂർ, കോഴിക്കോട് - **673614**

ഐ & പി.ആർ (വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ / ഓഫീസ് കോപ്പി

Signed by ഉത്തരവിൻ പ്രകാരം
Asha Rani M
Date: 27-08-2025 17:33:35
സെക്ഷൻ ഓഫീസർ